Draft #1 of File 176842/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 26-Nov-2022 02:49 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

നമ്പർ 81966 /AC A8 -1 /2021/AC A 8 — 22 .11 .2022

| | |
|---|---|
| വിഷയം :- | സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഫീസിൽ നിന്നും അധികമായി കോളേജുകൾ ഫീസ് വാങ്ങരുതെന്ന കർശന നിർദേശം എല്ലാ അഫിലിയേറ്റഡ് കോളേജുകളും പാലിക്കണമെന്നത് -സംബന്ധിച്ച്:- |

സൂചന :1) സർവ്വകലാശാലാ ഉത്തരവ് നമ്പർ.10409/AC A8/2022/എം .ജി .യു തീയതി 12.10.2022

സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഫീസിൽ നിന്നും അധികമായ യാതൊരു ഫീസും വിദ്യാർത്ഥികളിൽ നിന്നും ഈടാക്കരുതെന്ന സൂചന (1) പ്രകാരമുള്ള ഉത്തരവ് എല്ലാ അഫിലിയേറ്റഡ് കോളേജുകളും കർശനമായി പാലിക്കേണ്ടതാണ് .

**അസിസ്റ്റന്റ് രജിസ്ട്രാർ I ( അക്കാദമിക്)**

**രജിസ്ട്രാർക്ക് വേണ്ടി**

ഉള്ളടക്കം :സൂചന ഉത്തരവ്

<u>പകർപ്പ്</u>

1.സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫിസർ എന്നിവരുടെ പി.എ.മാർ

4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.പരീക്ഷ/ അക്കാദമിക്/ ഫിനാൻസ് സെക്ഷനുകൾ

6.പി.ആർ.ഒ./എൻക്വയറി / ഐ.ക്യൂ.എ .സി / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്‌സിറ്റി വെബ്സൈറ്റ്

7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എം.ഇ.എസ്. കോളേജ് മാറമ്പള്ളിക്കെതിരായി അമിത ഫീസ് ഈടാക്കുന്നുവെന്ന് ആരോപിച്ചുകൊണ്ടു സെല്ഫ് ഫിനാൻസിങ് വിഭാഗം വിദ്യാർത്ഥികൾ സമർപ്പിച്ച പരാതി - അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 10409/AC A 8/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.10.2022

---

*പരാമർശം:*-1. 17.05.2022 ൽ കോളേജിനെതിരായി സെല്ഫ് ഫിനാൻസിങ് വിഭാഗത്തിൽ വിവിധ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ സമർപ്പിച്ച പരാതി .
2. സ.ഉ.നം. 1855/AC A8/2022/എം.ജി.യൂ, തീയതി :22.02.2022
3. 23.08.2022-ലെ സിൻഡിക്കേറ്റ് മിനുട്സ് (22.05) ഇനം നമ്പർ 49/22.05/ 81966/AC A8-1/2021

**ഉത്തരവ്**

എം.ഇ.എസ്. കോളേജ് മാറമ്പള്ളിക്കെതിരായി അമിത ഫീസ് ഈടാക്കുന്നുവെന്ന് കാണിച്ചുകൊണ്ട് വിവിധ സെല്ഫ് ഫിനാൻസിങ് ഡിഗ്രി കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ സൂചന (1 ) പ്രകാരം പരാതി സമർപ്പിച്ചിരുന്നു. കൂടാതെ പരാതിയോടൊപ്പം കോളേജിലെ ഫീസ് ഘടന വ്യക്തമാകുന്ന രേഖകളും, വിദ്യാർഥികൾ ഫീസ് ഒടുക്കിയതിന്റെ രസീതികളും , കോളേജ് പ്രിൻസിപ്പൽ 29.04.2021-ന് വിദ്യാർത്ഥികൾക്ക് സെമസ്റ്റർ ഫീസ് അടക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള നോട്ടീസിന്റെ പകർപ്പും വിദ്യാർത്ഥികൾ ഹാജരാക്കിയിരുന്നു. മേൽ പരാതിയിന്മേൽ കോളേജ് പ്രിൻസിപ്പൽ നൽകിയ വിശദീകരണ പ്രകാരം, തങ്ങളുടെ കോളേജിൽ നടത്തിവരുന്ന സ്വാശ്രയ കോഴ്സുകൾക്ക് സർക്കാർ നിർദേശപ്രകാരമുള്ള ഫീസ് ഇളവ് നൽകിയിട്ടുണ്ടെന്നും, 2020-21, 2021-22 അക്കാഡമിക്ക് വർഷങ്ങളിൽ മൊത്തം ഫീസിന്റെ 10% ഇളവും, അത് അടയ്ക്കാൻ സാവകാശവും നൽകിയിട്ടുണ്ടെന്നും,കൂടാതെ,സാമ്പത്തികമായി പരാധീനതയുള്ള വിദ്യാർത്ഥികൾക്ക് 50% മാനേജ്മെന്റ് സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു. കൂടാതെ ഫീസ് അടക്കാത്തതിന്റെ പേരിൽ വിദ്യാർത്ഥികൾക്കെതിരെ യാതൊരുവിധ ശിക്ഷ നടപടിയും കോളേജ് സ്വീകരിച്ചിട്ടില്ല എന്നും അറിയിച്ചു .

എന്നാൽ,എം.ഇ.എസ്. കോളേജ് മാറമ്പള്ളിക്കെതിരായി ലഭിച്ച നിരവധി പരാതികളും, വിദ്യാർത്ഥികൾ സമർപ്പിച്ച രേഖകളും കണക്കിലെടുത്തുകൊണ്ട് സമഗ്രമായ ഒരു അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂചന (2) പ്രകാരം സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ഹരികൃഷ്ണൻ പി. ,ഡോ. ബിജു തോമസ് എന്നിവരെ അന്വേഷണ കമ്മീഷൻ ആയി നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. അന്വേഷണ കമ്മീഷൻ പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുകയും , കണ്ടെത്തിയ വസ്തുതകളുടെ വെളിച്ചത്തിൽ താഴെ പറയുന്ന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

എം.ഇ.എസ്. കോളേജ് മാറമ്പള്ളിയിലെ സ്വാശ്രയ പ്രോഗ്രാമുകളായ ബി.എ. ഇംഗ്ലീഷ് , ബി.കോം. ടാക്സേഷൻ ,ബി.എസ്.സി. സൈക്കോളജി എന്നീ കോഴ്സുകൾക്ക്, സെമെസ്റ്ററിന് കോളേജ് നിശ്ചയിച്ച് ശേഖരിക്കുന്ന കുട്ടികളുടെ ഫീസ് താഴെ സൂചിപ്പിക്കും പ്രകാരമാണ്

FEE STRUCTURE 2020-2021

| SL No | PROGRAMME | ODD SEM | EVEN SEM | സർക്കാർ ഉത്തരവ് GO. (Ms) No.209/2013/H.edn തീയതി 29.05.2013 സെമസ്റ്ററിന് ഫീസ് ഇനത്തിൽ അനുവദനീയമായ തുക |
|---|---|---|---|---|
| 1 | B.A. English | 17,170 | 16,500 | 9,000 |
| 2 | B.Com Taxation | 17,170 | 16,500 | 9,000 |
| | B.Sc... | | | |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #12/File 176946/AC A 8-1/2022/AC A 8 Approved by ASSISTANT REGISTRAR II (ACADEMIC) on 14-Oct-2022 02:49 PM - Page 2

| | | | | |
|---|---|---|---|---|
| 3 | B.Sc Psychology | 17,170 | 16,500 | 11,250 |

2020-21 അക്കാദമിക് വർഷം മുകളിൽ സൂചിപ്പിച്ച പ്രോഗ്രാമുകളിലെ 206 വിദ്യാർത്ഥികൾക്കായി Rs 6,26,500/- രൂപ സ്കോളർഷിപ്പ് ഇനത്തിൽ നൽകിയിട്ടുണ്ട്.

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ.ഉ.(സാധാ) നം.789/2021 ഉ.വി.വ. തീയതി 15.06.2021 ലൂടെ , കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ , റഗുലർ ക്ലാസുകൾ നടക്കാത്ത സാഹചര്യത്തിൽ ട്യൂഷൻ ഫീസും പരീക്ഷാഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റെല്ലാ ഫീസുകളും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടയുള്ള എല്ലാ സ്വാശ്രയ കോളേജുകളും ആനുപാതികമായി കുറവ് ചെയ്യണമെന്നും , യഥാസമയം ഫീസുകൾ അടയ്ക്കാത്തതിന്റെ പേരിൽ കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകളും പരീക്ഷകളും നിഷേധിക്കരുതെന്നും ഇതിന്റെ പേരിൽ വിദ്യാർത്ഥികൾക്ക് യാതൊരു തരത്തിലുള്ള മാനസിക സമ്മർദ്ദം ഉണ്ടാകരുതെന്നും കർശന നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് മാത്രമേ ശേഖരിക്കൂ എന്ന് മാനേജരും സർക്കാരും തമ്മിലുണ്ടാക്കിയ ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് സ്വാശ്രയ കോഴ്സുകൾ അഫിലിയേറ്റഡ് കോളേജുകളിൽ അനുവദിക്കുന്നത്.

എം.ഇ.എസ്. കോളേജ് മാറംപള്ളി ഭൂരിഭാഗം കുട്ടികളിൽ നിന്നും ഫീസിനത്തിൽ സ്വീകരിക്കുന്ന തുക സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഫീസിൽ നിന്നും കൂടുതലാണെന്ന് വ്യക്തമായിട്ടുണ്ട് . അനുവദനീയമായതിലും ഉയർന്ന ഫീസ് കുട്ടികളിൽ നിന്ന് ശേഖരിച്ചത് കോളേജിന്റെ ഭാഗത്തുനിന്നുമുള്ള ഒരു ഗുരുതരമായ വീഴ്ചയായതിനാൽ :

1. അധികമായി ടി കോളേജ് വാങ്ങിയ ഫീസ് കുട്ടികൾക്ക് തിരികെ നൽകുകയോ കോളേജിൽ തുടരുന്ന വിദ്യാർത്ഥികൾക്ക് അടുത്ത സെമിസ്റ്ററുകളിലെ ഫീസിൽ ടി തുക ക്രമപ്പെടുത്തി നൽകുകയോ ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നതിനും .

2. സർക്കാർ നിശ്ചയിക്കുന്ന ഫീസിൽ നിന്നും അധികമായി ഫീസ് കോളേജ് വാങ്ങരുതെന്ന് എന്ന് ടി കോളേജുകൾ ഉൾപ്പെടെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും കർശന നിർദ്ദേശം നൽകുന്നതിനും ഇത് സൂചിപ്പിച്ചുകൊണ്ട് മാറംപ്പള്ളി എം.ഇ.എസ്. കോളേജ് മാനേജരിൽ നിന്നും ഒരു സത്യവാങ്മൂലം വാങ്ങുന്നതിനും

3. സ്വാശ്രയ കോഴ്സുകൾക്ക് അനുവദനീയമായ ഫീസിന്റെ വിശദാംശങ്ങൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും

4. നിലവിൽ സ്വാശ്രയ കോഴ്സുകളുടെ ഫീസ് നിശ്ചയിച്ചിരിക്കുന്നത് 2013 -ൽ ആയതിനാൽ കാലാനുസൃതമായി ഫീസ് പുതുക്കിനിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപെടുന്നതിനും ശുപാർശ ചെയ്യു .

മേൽ റിപ്പോർട്ട് ബഹു വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണയ്ക്ക് സമർപ്പിക്കുകയും, സൂചന ( 3 ) പ്രകാരം 23.08.2022 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം "എം.ഇ.എസ്. കോളേജ് മാറമ്പള്ളിക്കെതിരായി അമിത ഫീസ് ഈടാക്കുന്നുവെന്ന് കാണിച്ചുകൊണ്ട് സെല്ഫ് ഫിനാൻസിങ് വിഭാഗം വിദ്യാർത്ഥികൾ സമർപ്പിച്ച പരാതിയിന്മേൽ നിയമിതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പൊതു നിർദേശങ്ങൾ സർവകലാശാലയിൽ നടപ്പിൽ വരുത്തുവാനും തീരുമാനിച്ചു ".

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #1206 File 169962/AC A8-2/2022/AC A 3 Approved by ASSISTANT REGISTRAR II (ACADEMIC) on 26-Oct-2022 02:49 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.പ്രിൻസിപ്പൽ, MES കോളേജ് ,മാറമ്പള്ളി
2. വിസി/പിവിസി എന്നിവരുടെ പിഎസ്
3. രജിസ്ട്രാറുടെ പിഎ/എസ്സ് എസ്സ് 1 /എസ്സ് എസ്സ് 2 സെക്ഷൻ
4. ജെആർ/ഡിആർ/എആർ (അക്കാദമിക്)
5. ഐക്യൂഎസി/സിഎംഎസ്/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1206 File 18696/AC A 3-1/2022/AC A 3 Approved by ASSISTANT REGISTRAR II (ACADEMIC) on 26-Oct-2022 02:49 PM - Page 4